## പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 6616 09.07.2014 ലെ മറുപടിയ്ക്ക്

## ഭാഗ്യക്കുറികളുടെ വില

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീമതി. കെ. കെ. ലതിക : | | ശ്രീ. കെ.എം. മാണി (ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി) |
| (എ) | സംസ്ഥാനത്ത് വില്പന നടത്തുന്ന ഭാഗ്യക്കുറികളുടെ വില അവസാനമായി വർദ്ധിപ്പിച്ചത് എന്നു മുതലാണ് എന്ന് വ്യക്തമാക്കുമോ; | (എ) | 20/- രൂപ ഭാഗ്യക്കുറികളുടെ വില 30/- രൂപയായി 2014 മാർച്ചിൽ നറുക്കെടുക്കുന്ന ഭാഗ്യക്കുറികൾ മുതൽ വർദ്ധിപ്പിച്ചിട്ടുണ്ട്. കൂടാതെ വ്യാഴാഴ്ചകളിൽ നറുക്കെടുത്തിരുന്ന പ്രതീക്ഷ ഭാഗ്യക്കുറിയുടെ പേര് കാരുണ്യ പ്ലസ് എന്ന് മാറ്റി വില 40/- രൂപയിൽ നിന്നും 50/- രൂപയായി 2014 ഏപ്രിൽ മുതൽ വർദ്ധിപ്പിച്ചിട്ടുണ്ട്.. |
| (ബി) | വില വർദ്ധിപ്പിച്ചതിനുശേഷം ഭാഗ്യക്കുറി ടിക്കറ്റുകളുടെ വില്പനയിൽ എത്രയെണ്ണത്തിന്റെ കുറവുണ്ടായി എന്ന് വ്യക്തമാക്കുമോ ; | (ബി) | വില വർദ്ധിപ്പിച്ചതുമൂലം ഭാഗ്യക്കുറി ടിക്കറ്റുകളുടെ വില്പനയിൽ കുറവുണ്ടായിട്ടില്ല. കുറഞ്ഞ മുഖവിലയുള്ള ഭാഗ്യക്കുറികളുടെ വില വർദ്ധിപ്പിച്ചതിനോടൊപ്പം തന്നെ ടിക്കറ്റ് അച്ചടി 45 ലക്ഷത്തിൽനിന്ന് 49 ലക്ഷമായി ഉയർത്തിയിരുന്നു. ഇവയുടെ ശരാശരി വിൽപന 48 ലക്ഷം ടിക്കറ്റുകളാണ്. |

(സി) വില വർദ്ധിപ്പിച്ചതിനുശേഷം ഭാഗ്യക്കുറി വരുമാനത്തിൽ എത്ര ശതമാനം വർധനവുണ്ടായി എന്ന് വ്യക്തമാക്കുമോ ?

(സി) ഭാഗ്യക്കുറി ടിക്കറ്റുകളുടെ വർദ്ധിച്ച വില നിലവിൽ വന്നത് 17.02.2014 മുതലാണ്. വർദ്ധനയ്ക്കു മുമ്പുള്ള 2014 ജനുവരി മാസത്തിലെ ടിക്കറ്റ് വില്പനയിലെ വരുമാനം 331.81 കോടി രൂപയായിരുന്നു. ഇത് അടിസ്ഥാനമാക്കിയാൽ മാർച്ച് മാസത്തിൽ ഏകദേശം 17% വരുമാന വർദ്ധനവ് ആണ് ഉണ്ടായിട്ടുള്ളത്. തുടർന്നുള്ള മാസങ്ങളിൽ വർദ്ധനവ് ഏകദേശം 20% - ന് മുകളിലാണ്.

സെക്ഷൻ ഓഫീസർ.